**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തതിന്റെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**799/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **03/04/2019**

=================================================================

പരാമർശം:
1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തതിന്റെ 17.07.2012 ലെ ശൂന്യവേതനാവധിയപേക്ഷ.
3) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.04.2014 ലെ സി 6-3363/14 നമ്പർ നടപടി ക്രമം.
4) പഞ്ചായത്ത് ഡയറക്ടറുടെ 03.03.2015, 13.09.2018 എന്നീ തീയതികളിലെ ഇ 5-3968/14 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തതിന്റെ 19.05.2012 മുതൽ 22.09.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തത് 16.01.2012 ലെ വാഹനാപകടത്തെ തുടർന്ന് ചികിത്സയിലാകുകയും ടിയാൻ 17.01.2012 മുതൽ 25.02.2012 വരെ പരിവർത്തിതാവധിയിലും 26.02.2012 മുതൽ 18.05.2012 വരെ ആർജ്ജിതാവധിയിലും 19.05.2012 മുതൽ 17.07.2012 വരെ ശൂന്യവേതനാവധിയിലും ആയിരുന്നു. തുടർന്നും അവധിയപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ ടിയാൾക്ക് ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 19.05.2012 മുതൽ 17.07.2012 വരേക്ക് അനുവദിച്ച ശൂന്യവേതനാവധി പരാമർശം(3) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ശ്രീ ഇ എസ് സുബ്രഹ്മണ്യൻ മൂത്തത് മെഡിക്കൽ സർട്ടിഫിക്കറ്റുകളും 20.09.2013 തീയതിയിലുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. 27.09.2013 ന് ടിയാൻ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ

സീനിയർ ക്ലാർക്കുമായ ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തതിന്റെ 19.05.2012 മുതൽ 26.09.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(സേവന പുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.ഇ.എസ്.സുബ്രഹ്മണ്യൻ മൂത്തത്, മുൻ സീനിയർ ക്ലാർക്ക്, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(13.01.2019 ലെ റൂൾസ് ബി2/37/2018/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(169/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Ramya MS
സെക്ഷൻ ഓഫീസർ